മൈക്ക് ഉപയോഗിക്കാൻ അനുമതി നല്കിയ നടപടി

93 (804) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ പുൽപ്പറ്റയിൽ ഈ കഴിഞ്ഞ നവംബർ മാസത്തിൽ യു.ഡി.എഫ്. മീറ്റിംഗ് നടത്തുന്നതിനായി മൈക്ക് ഉപയോഗിക്കാൻ അനുവാദം നൽകിയ ഉത്തരവ് പിൻവലിക്കുകയു ണ്ടായോ;

(ബി) എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ യു.ഡി.എഫ്-ന്റെ മീറ്റിംഗിൽ പങ്കെടുത്ത പൊതു ജനസേവകർക്ക് പോലീസ് സംരക്ഷണം കൊടുത്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 9-11-99-ന് പുൽപ്പറ്റയിൽ ഉൾപ്പെട്ട വളയമംഗലത്തുവച്ച് യു.ഡി. എഫ്.ന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രചരണ പൊതുയോഗത്തിന് മൈക്ക് ഉപ യോഗിക്കുന്നതിന് നൽകിയ അനുവാദം പിൻവലിക്കുകയുണ്ടായി;

(ബി) പ്രചരണ പൊതുയോഗത്തോടനുബന്ധിച്ച് സ്ഥലത്ത് ഗുരുതര മായ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനിടയാകുമെന്ന ഉത്തമ വിശ്വാസ ത്താലാണ് മൈക്ക് ഉപയോഗിക്കുവാനുള്ള അനുവാദം പിൻവലിച്ചത്.

(സി) മീറ്റിംഗിൽ പൊതുജനസേവകർ പങ്കെടുക്കുന്ന വിവരം പോലീ സിന് ലഭിച്ചിരുന്നില്ല. മാത്രമല്ല, പൊതുജനസേവകർക്ക് പോലീസ് സംര ക്ഷണം നൽകണമെന്ന് ആരും ആവശ്യപ്പെട്ടിരുന്നുമില്ല. അതു കൊണ്ടാണ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത പൊതുജനസേവകർക്ക് പോലീസ് സംര ക്ഷണം കൊടുക്കാതിരുന്നത്.

ഉപയോഗശൂന്യമായ വാഹനങ്ങൾ

94(805) ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ കീഴിൽ ഉപയോഗക്ഷമമ ല്ലാത്ത വാഹനങ്ങൾ എത്രയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയുടെ മതിപ്പുവില കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര:

(സി) ഈ വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് വേണ്ട നട പടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ വാഹനങ്ങൾ ലേലം ചെയ്ത് വിറ്റ് സർക്കാരി ലേക്ക് മുതൽ കൂട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly